# പ്രസിദ്ധീകരണത്തിന്

## ദുരന്ത നിവാരണ മാദ്ധ്യമ അവാർഡ്- എൻട്രികൾ ക്ഷണിയ്ക്കുന്നു.

ദുരന്തനിവാരണ സംബന്ധിയായ ഏറ്റവും മികച്ച പത്രവാർത്ത, ഏറ്റവും മികച്ച ദൃശ്യമാദ്ധ്യമ റിപ്പോർട്ട്, മികച്ച വാർത്താ ചിത്രം ( ഫോട്ടോ) എന്നിവയ്ക്ക് അവാർഡ് നൽകുന്നതിലേയ്ക്കായി എൻട്രികൾ ക്ഷണിക്കുന്നു. 2009 ജനുവരി 1 നും 2009 ഡിസംബർ 31 നും ഇടയിൽ പ്രസിദ്ധീകരിച്ച / സംപ്രേക്ഷണം ചെയ്ത കേരളത്തെ സംബന്ധിച്ച എൻട്രികൾ ഫെബ്രുവരി 15 ന് മുമ്പ്, സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, പബ്ളിക് ഓഫീസ് , തിരുവനന്തപുരം - 33 എന്ന വിലാസത്തിൽ നേരിട്ടോ , തപാൽ വഴിയോ അയയ്ക്കാവുന്നതാണ്. പത്രവാർത്തയുടെയും, പത്രങ്ങളിൽ അച്ചടിച്ചു വന്ന ഫോട്ടോയുടേയും, മൂന്നു കോപ്പികളും, ദൃശ്യമാദ്ധ്യമ റിപ്പോർട്ടിന്റെ മൂന്നു സിഡികളുമാണ് സമർപ്പിയ്ക്കേണ്ടത്. ശില്പം , പ്രശസ്തി പത്രം, അവാർഡ് തുക ( രൂപ 10,000 /- രൂ വീതം) എന്നിവ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിഭകൾക്ക് മാർച്ച് അവസാന ആഴ്ചയിൽ തിരുവനന്തപുരത്തു വച്ച് നല്കുന്നതാണ്. എൻട്രികളുടെ കവറിനു പുറത്ത് " **ദുരന്ത നിവാരണ മാദ്ധ്യമ അവാർഡ് - 2009** " എന്ന് രേഖപ്പെടുത്തേണ്ടതാണ്. ഇതോടൊപ്പം ദുരന്ത നിവാരണത്തെ സംബന്ധിച്ച ഏറ്റവും കാതലായ നിർദ്ദേശങ്ങൾക്കും ( പൊതുവിലുള്ളതോ, പ്രത്യേകമായതോ ) അവാർഡ് നല്കുന്നതാണ്.

സെക്രട്ടറി,
ദുരന്ത നിവാരണ അതോറിറ്റി.